"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമ തീര കനാൽ) വികസനം- പാർവ്വതീ പുത്തനാർ പുനരുദ്ധാരണം-കോവളം ബോട്ട് ജെട്ടി നിർമ്മാണം, പനത്തുറ കനാൽ രൂപീകരണം- സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ധനസഹായം അനുവദിക്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2024/CSIND തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം.22/2018/സി.എസ്.ഐ.എൻ.ഡി, തീയതി 09/08/2018.
2. സ.ഉ.(സാധാ.) നം.24/2018/സി.എസ്.ഐ.എൻ.ഡി, തീയതി 22/08/2018.
3. സ.ഉ.(സാധാ.) നം.30/2018/സി.എസ്.ഐ.എൻ.ഡി,തീയതി 24/09/2018.
4. സ.ഉ.(സാധാ.) നം.14/2023/സി.എസ്.ഐ.എൻ.ഡി, തീയതി 31/03/2023.
5. ചീഫ് എഞ്ചിനീയർ, കിൽ സമർപ്പിച്ച 10/06/2024- ലെ CE/KWIL/83/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാർവ്വതീ പുത്തനാറിന്റെ വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളും പുനരധിവാസ പ്രവൃത്തികളും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (കിൽ) - ന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണെന്നും, പനത്തുറ കനാൽ രൂപീകരണത്തിനായി 54.105 ആർ. സ്ഥലം ഏറ്റെടുക്കലിന് 21,86,98,636/- രൂപ ആവശ്യമായി വരുന്നതിൽ 15.54 ആർ. സ്ഥലത്തിനായി 6,34,91761/-,രൂപ മാത്രമാണ് നല്കാൻ കഴിഞ്ഞിട്ടുള്ളതെന്നും 38.72 ആർ. സ്ഥലം ഏറ്റെടുക്കുന്നതിനായി 15,52,06,875/- രൂപ ഇനിയും ആവശ്യമാണെന്നും, കോവളം ബോട്ട് ജെട്ടിക്കായി 40.49ആർ സ്ഥലം ഏറ്റെടുക്കാനുള്ളതിൽ 20.32 ആർ സ്ഥലം മാത്രമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും 20.16 ആർ. സ്ഥലം കൂടി ഏറ്റെടുക്കുന്നതിന് 5,20,00,000/-രൂപ കൂടി ആവശ്യമാണെന്നും സ്ഥലം എറ്റെടുക്കൽ പ്രവർ ത്തനങ്ങൾ ക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക കണ്ടെത്താമെന്നായിരുന്നു തീരുമാനിച്ചിരുന്നതെങ്കിലും, സ്ഥലം ഏറ്റടുക്കൽ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി ധനസഹായം അനുവദിച്ച് നല്കണമെന്നും പരാമർശം (5) കത്ത് പ്രകാരം കിൽ ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർവ്വതീ പുത്തനാർ വികസന പ്രവൃത്തികളുടെ ഭാഗമായി കോവളം ബോട്ട് ജെട്ടി നിർമ്മാണം, പനത്തുറ കനാൽ രൂപീകരണം എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി യഥാക്രമം 5.20 കോടി രൂപയും 15.52 കോടി രൂപയും കിഫ്ബി ധനസഹായമായി അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, കിയൽ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്, കൊച്ചി എയർപോർട്ട് പി.ഒ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( INFRA 7/20/2024-FIN, തീയതി 28/09/2024 )
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.(എ2/82/2024/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 15-11-2024 13:20:43
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി, സി.എസ്.ഐ.എൻ.ഡി - യുടെ പി.എ - യ്ക്ക്